(ഡി) ആരോഗ്യമേഖലയുടെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. (1) സംസ്ഥാനത്തെ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനം (2) ജനറൽ ആശുപത്രികളിലെയും മെഡിക്കൽ കോളേജുകളിലെയും സൈക്യാട്രി വിഭാഗം മെച്ചപ്പെടുത്തുകയും ഡിഅഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യുക. (3) ട്രൈബൽ ഹെൽത്ത് പ്രോജക്ട് (4) ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഹെൽത്ത് പ്രോജക്ട് (5) കയർ തൊഴിലാളികൾക്കുള്ള ആരോഗ്യ പദ്ധതി. (6) മെഡിക്കൽകോളേജുകളിൽ ട്രോമാകെയർ സംവിധാനം നടപ്പിലാക്കുക. (7) തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് നിലവാരത്തിലേക്ക് ഉയർത്തുക.

വ്യാപകമാകുന്ന ഭിക്ഷാടന സംഘങ്ങൾ

*22 [T650] *ശ്രീ. തോമസ് ചാഴികാടൻ :*
,, *കെ. നാരായണക്കുറുപ്പ് :*
,, *റോഷി അഗസ്റ്റിൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും ഭിക്ഷാടകരെ കൊണ്ടുവന്ന് ഭിക്ഷ എടുപ്പിക്കുന്ന സംഘങ്ങൾ കേരളത്തിൽ വ്യാപകമായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘങ്ങളുടെ നേതൃത്വത്തിൽ ഭവനഭേദനവും മോഷണവും നടക്കുന്നതായിട്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഭിക്ഷാടകരുടെ സംഘത്തിലുള്ള പെൺകുട്ടികളെ ലൈംഗിക ചൂഷണത്തിന് വിധേയരാക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം സംഘങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതിനും കുട്ടികളെ ഇവരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും ഭിക്ഷാടകരെ കൊണ്ടുവന്ന് ഭിക്ഷ എടുപ്പിക്കുന്ന സംഘങ്ങൾ കേരളത്തിൽ വ്യാപകമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തിരുവനന്തപുരം സിറ്റിയിലും പരിസരങ്ങളിലും ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരെ നീക്കം ചെയ്ത് സംരക്ഷിക്കുന്നതിനും, പുനരധിവസിപ്പിക്കുന്നതിനും ഇന്ന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഫലപ്രദമല്ല.

"T" ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഇല്ല

(ഡി) ഇത്തരം സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുവേണ്ടി റസിഡൻഷ്യൽ അസോസിയേഷനുകളുമായും സാമൂഹിക സംഘടനകളുമായും സഹകരിച്ച് പ്രവർത്തിച്ച് കിട്ടുന്ന രഹസ്യവിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം അസാന്മാർഗിക പ്രവർത്തനങ്ങൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

സാംസ്ക്കാരിക നായകന്മാർക്ക് സ്മാരകങ്ങൾ നിർമ്മിക്കുവാൻ നടപടി

*23 [651] *ശ്രീ. ജോണി നെല്ലൂർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമീണ മേഖലകളിൽ നാടിന്റെ സാംസ്കാരിക നായകന്മാരായി പ്രവർത്തിച്ചിരുന്നവരും മൺമറഞ്ഞവരുമായ പ്രതിഭകളുടെ സ്മാരകങ്ങൾ നിർമ്മിക്കുവാനും അവരുടെ സന്ദേശങ്ങൾ പ്രചരിപ്പിക്കുവാനുമായി ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളും സാംസ്കാരിക വകുപ്പും ചേർന്ന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി *(ശ്രീ. എ. പി. അനിൽകുമാർ)* :

(എ) ഇല്ല.

(എ) ബാധകമല്ല.

(സി) ഇപ്രകാരമുള്ള ആവശ്യങ്ങൾ ഉയർന്നു വരുമ്പോൾ അതിന്റെ വിവിധ വശങ്ങൾ വിശദമായി പരിശോധിച്ച് ഉചിതമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly